# ഒളിച്ചുകളികളും ഒളിപ്പിച്ചുകളികളും

**കാഞ്ചന**

ലോകത്തിലെവിടെയായാലും മനുഷ്യനിൽ പ്രകടമായികാണുന്ന താല്പര്യങ്ങളിൽ ഒന്നാണ് അന്വേഷണതൃഷ്ണ. മറ്റുള്ളവർക്ക് കണ്ടെത്താനാവാത്ത്വിധം ചതുരമായി സ്വയം ഒളിക്കാനും അതല്ലെങ്കിൽ ചില വസ്തുക്കളെ ഒളിപ്പിച്ചുവെപ്പിക്കാനും അതുപോലെ മറ്റുള്ളവർ പൂഴ്ത്തിവെച്ച സംഗതികൾ കണ്ടെത്താനുമുള്ള ത്വരയുടെ വിനോദരൂപത്തിലുള്ള ആവിഷ്ക്കാരമാണ് ഒളിച്ചുകളികളും ഒളിപ്പിച്ചുകളികളും.

അന്വേഷണകളികളിൽ ഏറ്റവും പ്രചാരമുള്ളത് 'ഒളിച്ചുകളി', 'കണ്ണാമ്പൊത്തി', 'അംബസ്ഥാനി' എന്നൊക്കെ അറിയപ്പെടുന്ന കളിയാണ്. ഇതിൽ, ഒരാൾ ഒരു മരത്തിൻമേലോ തൂണിൻമേലോ ചുമരിൻമേലോ കണ്ണുപൊത്തി, മുഖമുയർത്തിനിന്നശേഷം അമ്പതുവരെ അല്ലെങ്കിൽ നൂറുവരെ ഉറക്കെ എണ്ണുന്നു. അതിനിടയിൽ ബാക്കി കളിക്കാർ ഓരോയിടങ്ങൾ കണ്ടെത്തി ഒളിച്ചിരിക്കണം.

എണ്ണം കഴിഞ്ഞാൽ 'പ്രാന്തി ഒളിച്ചിരിക്കുന്നവരെ തേടിയിറങ്ങും. ആരെയെങ്കിലും കണ്ടെത്തിയാൽ ഓടിവന്ന് എണ്ണിയ സ്ഥലത്തു തൊട്ട് കണ്ടെത്തിയ ആളുടെ പേരും അയാളെ കണ്ടെത്തിയ സ്ഥലവും പറഞ്ഞ് 'അംബസ്ഥാനി' അടിയ്ക്കണം. പ്രാന്തി അന്വേഷിച്ചു നടക്കുന്നതിനിടയിൽ ഒളിച്ചിരിക്കുന്നവർ വന്ന് അംബസ്ഥാനിയടിച്ചാൽ അവർക്ക് പ്രാന്തിയാവാതെ രക്ഷപ്പെടാം. ഒരു നിശ്ചിതസമയം കഴിഞ്ഞിട്ടും എല്ലാവരെയും കണ്ടെത്താനാവാതെ വന്നാൽ 'പ്രാന്തി' ഉറക്കെ 'തോറ്റു' എന്നു വിളിച്ചു പറയണം. അപ്പോൾ ബാക്കി എല്ലാവരും പുറത്തുവരും. 'പ്രാന്തി' ഏറ്റവും ആദ്യംകണ്ടെത്തി അംബസ്ഥാനിയടിച്ചയാളാണ് അടുത്ത തളത്തിലെ പ്രാന്തിയാകേണ്ടിവരിക.

മറ്റൊരിനം കളിയിൽ, 'പ്രാന്തി' ഒരു ദിക്കിലേക്ക് തിരിഞ്ഞ് കണ്ണടച്ചു നിൽക്കും. (ചിലപ്പോൾ കണ്ണ് തുണികൊണ്ട് കെട്ടും) ബാക്കിയുള്ളവർ പുറകിൽ കുറച്ചകലെ നിൽക്കും. അതിലൊരാൾ മിണ്ടാതെച്ചെന്ന് പ്രാന്തിയുടെ കണ്ണ് രണ്ട് കൈകൊണ്ടും ഒന്നുകൂടി അടച്ചുപിടിക്കും: ഉടനെ തിരിച്ചുപോരും. ആരാണ് തന്നെ വന്ന് തൊട്ടതെന്ന് കണ്ണുതുറക്കാതെതന്നെ പ്രാന്തി വിളിച്ചുപറയണം. പറഞ്ഞത് ശരിയായാൽ ചെന്ന് തൊട്ടയാൾ 'പ്രാന്തി'യായി നിൽക്കണം. ശരിയായില്ലെങ്കിൽ, ആദ്യത്തെയാൾതന്നെ പ്രാന്തിയായി തുടരുകയും മറ്റൊരാൾ ചെന്ന് കണ്ണുപൂട്ടിപ്പിടിച്ച് കളി തുടരുകയും വേണം.

പുള്ളികുത്തിക്കളിയിൽ, അംബസ്ഥാനിയിലെപ്പോലെ ഒരാൾ കണ്ണുപൊത്തിനിൽക്കും. ബാക്കിയുള്ളവർ ഓരോ ചിരട്ട പൂഴിയുമായി മുൻകൂട്ടി നിശ്ചയിച്ച സ്ഥലത്തുപോയി പുള്ളികൾ കുത്തും. പുള്ളി കുത്തുക എന്നു വെച്ചാൽ ഓരോ നുള്ള് പൂഴിയെടുത്ത് നിലത്ത് കൊച്ചു കൂനകൾ ഇടുക എന്നർത്ഥം. ഒരാൾ ഇരുപുള്ളിയേ കുത്താവൂ എന്ന് മുൻപേ നിശ്ചയിക്കും. പുള്ളികുത്തിയാൽ അത് സ്വാഭാവികമായി വീണുകിടക്കുന്ന ഇലകൊണ്ടോ ഒക്കെ മൂടി വെക്കാം. എല്ലാവരും പുള്ളികുത്തിക്കഴിഞ്ഞാൽ സംഘം ചേർന്ന് 'പുള്ളിപുള്ളി തീപിടിച്ചേ... എല്ലാ പുള്ളിയും തീ പിടിച്ചേ...' എന്നുപാടി പ്രാന്തിയുടെ അടുത്തേക്കുപോകും. തുടർന്ന് പ്രാന്തി സ്ഥലം സന്ദർശിച്ച് എല്ലാ പുള്ളികളും കണ്ടെത്തി മായ്ക്കണം.